# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5331

01.07.2014 ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്ക് നിക്ഷേപങ്ങൾ ട്രഷറിയിലേക്ക് മാറ്റിയ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) 2013-14 സാമ്പത്തിക വർഷത്തിൽ സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനുവേണ്ടി സഹകരണ സംഘങ്ങളിൽ നിന്ന് ട്രഷറികളിൽ നിക്ഷേപം നടത്തിച്ചതിലൂടെ എത്ര കോടി രൂപയാണ് സമാഹരിച്ചത് എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാ സഹകരണ ബാങ്കുകൾക്കും, മൂലധന പര്യാപ്തത കൈവരിക്കുന്നതിനായി 2013-14 സാമ്പത്തിക വർഷം സർക്കാർ 199.50 കോടി രൂപ ഓഹരി മൂലധനമായി അനുവദിച്ചുത്തരവായിരുന്നു. ടി തുക പിൻവലിക്കുന്നതിന് 199.50 കോടി രൂപയ്ക്ക് തത്തുല്യമായ തുക പ്രത്യേക സഹകരണ ബാങ്ക് നിക്ഷേപ പദ്ധതി (Special Co-operative Bank Deposit Scheme) യിൽ നിക്ഷേപിക്കാനും, അതിന് പുറമെ നിലവിലുള്ള ട്രഷറി നിക്ഷേപ പലിശ നിരക്കിൽ പ്രത്യേക നിക്ഷേപ പദ്ധതിയിലേയ്ക്ക് നിക്ഷേപം നടത്താനും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മൂലധന പര്യാപ്തത കൈവരിക്കുന്നതിനായുള്ള പ്രത്യേക സഹകരണ ബാങ്ക് നിക്ഷേപ പദ്ധതിയിൽ 27.885 കോടി രൂപയും സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പ്രത്യേക നിക്ഷേപ പദ്ധതിയിൽ 91.016 കോടി രൂപയും സംഘങ്ങൾ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്<br>നിക്ഷേപത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു |

| ക്രമ നം. | ജില്ല | 23 മാസം | 3 മാസം |
|---|---|---|---|
| | | (തുക കോടിയിൽ) | |
| 1 | കാസറഗോഡ് | 1.21 | 3.23 |
| 2 | കണ്ണൂർ | 0.335 | 20.39 |
| 3 | വയനാട് | - | 0.85 |
| 4 | കോഴിക്കോട് | 2.48 | 5.48 |

| | | | |
|---|---|---|---|
| 5 | തൃശ്ശൂർ | 0.10 | 6.97 |
| 6 | മലപ്പുറം | 1.50 | 9.78 |
| 7 | പാലക്കാട് | 1.08 | 11.41 |
| 8 | എറണാകുളം | 5.25 | 5.60 |
| 9 | ഇടുക്കി | - | 1.966 |
| 10 | ആലപ്പുഴ | 1.18 | 4.48 |
| 11 | കോട്ടയം | 4.30 | 8.48 |
| 12 | പത്തനംതിട്ട | 0.20 | 2.13 |
| 13 | കൊല്ലം | - | 7.00 |
| 14 | തിരുവനന്തപുരം | 10.25 | 3.25 |
| | **ആകെ** | **27.885** | **91.016** |

| | | |
|---|---|---|
| (ബി) | ഇങ്ങനെ സംഘങ്ങൾ നിക്ഷേപിച്ച തുകയ്ക്ക് സർക്കാർ എത്ര ശതമാനം പലിശയാണ് വാഗ്ദാനം ചെയ്തിരിക്കുന്നത്; നിക്ഷേപക സംഘങ്ങൾ ആവശ്യപ്പെടുന്ന സമയത്ത് തുക തിരിച്ച് കൊടുക്കുവാൻ സർക്കാർ തയ്യാറാകുമോ? | (ബി) മൂലധന പര്യാപ്തത കൈവരിക്കുന്നതിനുള്ള നിക്ഷേപത്തിന് 23 മാസക്കാലാവധിക്ക് 9% പലിശയും, പ്രത്യേക നിക്ഷേപ പദ്ധതിക്ക് (1 മാസം മുതൽ 3 മാസം വരെ) 7.5% പലിശയുമാണ് വാഗ്ദാനം ചെയ്തിട്ടുള്ളത്. ട്രഷറിയിൽ സംഘങ്ങൾ നിക്ഷേപിച്ചിട്ടുള്ള തുക മറ്റ് നിക്ഷേപ പദ്ധതികൾ പോലെ, അതാത് നിക്ഷേപ പദ്ധതിയുടെ വ്യവസ്ഥകൾ പ്രകാരം തിരികെ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ